

# മൂന്നാമതൊരു നിഴൽ

**MAHATMA GANDHI COLLEGE, IRITTY**

**MAGAZINE 2014-15**


20 വർഷത്തെ സേവന പാരമ്പര്യവുമായി ലിംക ബുക്ക് ഓഫ് റെക്കോർഡ്സ് തുടങ്ങി
ഇന്ത്യയിലെ ഏറ്റവും മികച്ച കമ്പ്യൂട്ടർ സെന്ററിനുള്ള നിരവധി അംഗീകാരങ്ങളുമായി ലോക
പ്രശസ്തി നേടിയ ശ്രീ ശങ്കരാചാര്യ കമ്പ്യൂട്ടർ സെന്ററിന്റെ ഇരിട്ടി ശാഖ ഇപ്പോൾ
പുതിയ ബസ്സ്റ്റാന്റിലെ സിറ്റി ടവറിൽ മാത്രം (Above ATM)
നേർവഴിയുടെ വിജയവുമായി
NO.1 IN INDIA
OUR COURSES
VIBES
Indian and Foreign Accounting
Multimedia, Animation, Graphic Designing
Practical Engineering, Interior Designing
Architectural 3D Designing, AutoCAD
Diploma in Hardware and System Engineering
ADCA, EL Office, C, C++, CTTC, etc.....
Since 1995
മികച്ച ജോലി ലോകപ്രശസ്ത ബ്രാന്റിലൂടെ മാത്രം
Tally
Power of Simplicity
PSC APROVED COURSES
srs
ISO 9001:2008 certified
NATIONAL AWARD
tradeasy
®
SES
Since 1995
SREE SANKARACHARYA
COMPUTER CENTRE
SREE SANKARACHARYA COMPUTER CENTRE PVT.LTD.
City Tower, New Bus Stand, Iritty
0490 2494599, 7559922299,7559933399
Corporate Office: Rajiv Gandhi Road, KANNUR
പതിനായിരങ്ങൾ ഇന്ത്യയിലും വിദേശത്തും ശ്രീ ശങ്കരാചാര്യയുടെ
അന്താരാഷ്ട്രനിലവാരമുള്ള സർട്ടിഫിക്കറ്റുകളുമായി തൊഴിൽ കണ്ടെത്തി.
ആധികാരിക കമ്പ്യൂട്ടർ പഠനം ശ്രീ ശങ്കരാചാര്യയുടെ ഹൈടെക് ക്യാമ്പസിലൂടെ...



എത്ര പെരുമഴപെയ്തൊഴിഞ്ഞാലും
അണയില്ല മനസ്സിൽ നിന്നും
കലാമെന്ന അഗ്നിനക്ഷത്രം



ജി.കെ
മാതൃകാരാഷ്ട്രീയത്തിന്റെ
പ്രതീകം



"തനിയെ നടന്നു
നീ പോവുക
തളർന്നാലുമരുതേ
പരാശ്രയവുമിളവും..."

വിഷം തുപ്പിച്ചുവപ്പിച്ച
മണ്ണ് പിടിച്ചെടുത്ത്
സർഗാത്മകമാക്കാൻ കരുത്ത്
നൽകിയത് ഗാന്ധിയെന്ന
രണ്ടക്ഷരമാണ്



# MAHATMA GANDHI COLLEGE IRITTY
# MAGAZINE 2014-15


*Chief Editor:* **Dr.M.J.Mathew**
*Staff Editor:* **Mrs. Anupama.M**
*Student Editor:* **Mr. Sunil P.Kurian**
*Design&Layout* : **Mr. Nidhin Midas**

*Printing*
MiDAS® *Offset Printers*
KUTHUPARAMBA, 0490 2364655



**STATEMENT OF OWNERSHIP & OTHER PARTICULARS OF M.G.COLLEGE, IRITTY**
Form IV (See Rule 8)

*Place of Publication:* **M.G.College, Iritty**
*Periodical Publication:* **Annual**
*Printer's Name:* **Dr.M.J.Mathew**
*Publisher's Name:* **Dr.M.J.Mathew**
*Nationality:* **Indian**
*Address:* **Principal, M.G.College, Iritty**
*Editor's Name:* **Sunil P.Kurian**
*Name and Address of the Individuals own the Magazine:* **M.G.College, Iritty**


I Dr.M.J.Mathew declare that the particulars given above are true to the best of my knowledge and belief.

Sd/-
Principal, M.G.College

ആരുടെമുന്നിലും തലകുനിക്കാതെ
ഒരു രാജ്യത്തെ ധീരമായ്
മുന്നോട്ടുനയിച്ച വനിതയെ
ലോകം അത്ഭുതത്തോടുകൂടി
നോക്കിനിന്നിരുന്നു.
ഇന്ദിരാപ്രിയദർശിനി
എക്കാലവും പ്രസക്തമാണ്....



OUR MANAGER



K.P. NOORUDHEEN
(Ex-Minister)

OUR PRINCIPAL



Dr.M.J. MATHEW
(Member, Syndicate-Kannur University)

# സമർപ്പണം




നന്മകൾ കണ്ടതു, കേട്ടതു ചൊല്ലാൻ
നാക്കിനു കഴിയട്ടെ
തിന്മകൾ കണ്ടാൽ കൊത്തിക്കീറാൻ
കൊക്കിനു കഴിയട്ടെ....
നമ്മുടെ കൊക്കിനു കഴിയട്ടെ...

ഡോ. കെ. അയ്യപ്പ പണിക്കർ


**അതിജീവനത്തിനായുള്ള
നിലക്കാത്ത നിലവിളികൾക്കും
പോരാട്ടങ്ങൾക്കും........**

# നോട്ടങ്ങൾ



മിണ്ടരുത് ചിന്തിക്കരുത് പക്ഷെ ജീവിക്കാം..........15
നിരീക്ഷണം ആവശ്യത്തിനും അനാവശ്യത്തിനും..........19
ഡിജിറ്റൽ ഫൂട്പ്രിന്റ്സ്..........23
എടികളേ..........26
നോട്ടങ്ങളും പിശക്നോട്ടങ്ങളും..........27
ചിലയിടങ്ങളിൽ നിരീക്ഷണം ആവശ്യമാണ്..........30
ദൃശ്യം..........32
വെറും കച്ചവട കണ്ണുകൊണ്ടുണ്ടായ ദുരന്തങ്ങൾ..........42
ഒരു ചക്ക നിരീക്ഷണം..........44
പ്രേമനോട്ടം..........48
സദാചാരം അത്ര മോശം വാക്കൊന്നുമല്ല..........49
കാന്താരി..........53
ഭൂമി ഒരു തെറ്റ് നോട്ടത്തിന്റെ ഇര..........59
കരുതിയിരുന്നോ യുദ്ധം തുടങ്ങാറായി..........61
എന്നാണിനി ചിതറിനടക്കാതെ ഒന്നിച്ചാവുക..........64
കാലന്റെ കണ്ണ്..........69
പകച്ചുപോയെന്റെ ബാല്യം..........93
മനസ്സിലുടക്കിയ ചില യാഥാർത്ഥ്യങ്ങൾ..........94
പരിചയനോട്ടം..........105
ഇവർ പറയുന്നത്..........111
കണക്കിൽ തോറ്റ കണക്കപ്പിള്ള..........119
തെരുവ് നാടകം..........126
പേറ്റുനോവ്..........133
ശത്രുവല്ല നീ സഖീ..........147
ആ ദിനങ്ങൾ ഓർമ്മയാകുമ്പോൾ..........176
ചീനച്ചട്ടി..........208
WOMEN EMPOWERMENT IN INDIA-A BURNING ISSUE..........210
സെൽഫി വിത്ത് സിഎം..........212




ഇങ്ങള് വലിയ നിരീക്ഷണത്തെ കുറിച്ചൊന്നും പറയണ്ടാന്ന് ഞാൻ പറയൂല
ഓട്ടോഗ്രാഫ് '15
ഓട്ടോഗ്ര
ലൈഫ് സ്റ്റൈൽ
വാർദ്ധക്യം
വില കൊടുത്ത് വാങ്ങണോ?
മരണം
എന്നാണിനി ചിതറിനടക്കാതെ ഒന്നിച്ചാവുക
HUMAN INTERVENTION
92
103
കഥയെഴുതിയ കഥ
64
എടികളേ... നമ്മൾ കൂടുതൽ ജാഗ്രത കാട്ട പ്രതികരിക്ക വേണം
ഡിജിറ്റൽ ഫൂട്പ്രിന്റ്സ്
23
അർജുനന്റെ കൃഷ്ണൻ
ബംഗളൂരിൽ നിന്ന് നാട്ടിലെ
ഒരിക്കൽ ഞാൻ മഴനനഞ്ഞു
മഴ എന്നിലും ഞാൻ മഴയിലും
വയൽവരമ്പിലൂടെ സർവ്വതും മ
വയലിൽക്കിളച്ചുകൊണ്ടിരുന്ന രാ
തൂമ്പ മാറ്റിവെച്ച് വിളിച്ചുപറഞ്ഞു,
"മഴകൊള്ളണ്ടുട്ട്യേ... പനി പിടിക്കും"
എന്തോ, അന്ന് നനഞ്ഞ് തിമിർക്കാൻ തോ
എവിടുന്നൊക്കെയോ ചെക്കൻമാരുടെ കണ്ണുകൾ
എന്നിലേക്ക് നോട്ടമെറിയുന്നുണ്ടായിരുന്നു
എന്റെ നാടല്ലേന്ന് കരുതി,
ഒന്നും കാര്യമായെടുത്തില്ല.
മഴപോയി, വെയിലായി
വീണ്ടും മഴ വന്നു, വീണ്ടും വെയിൽ വന്നു.
ഒരിക്കൽ,
നനഞ്ഞു മേലൊട്ടിയ കുപ്പായത്തോടെ
മഴനനഞ്ഞാടുന്ന ഒരു പെൺകുട്ടിയുടെ ദൃശ്യ
എന്റെ വാട്ട്സാപ്പിൽ വന്നു,
ഞാൻ എന്നെ തന്നെ ഡൗൺലോഡ് ചെയ്തു
എനിക്ക് മുന്നേയും പിന്നേയും ഒരുപാട് പേരു
ഞാൻ നിഷ്കളങ്കയായാണ് മഴനനഞ്ഞത്.
കണ്ണുകളിലൂടെ നിരീക്ഷിച്ചു
പറയുന്നത്.
ആവശ്യത്തിനും-അനാവശ്യത്തിനും ഇടയിൽ നേർത്ത അതിർവരമ്പ് മാത്രം
ലോകം
ചിലയിടങ്ങളിൽ നിരീക്ഷണം ആവശ്യമാണ്.
COLLEGE IRIT

# നിരീക്ഷണ സമിതി



Dr.M.J.MATHEW
Principal




Mrs. ANUPAMA.M
Staff Editor



Mrs. SAPNA.P
Union Advisor



SUNIL P. KURIAN
Student Editor



AMAL C.SAJI
II BSc C.S



ALINDA JOSEPH
II BSc Maths




ATHIRA.M
I BSc C.S



SOORAJ.K
II BBA



TIJO MANI
II BCom



SANIL P. KURIAN
II BSc Maths

EDITORIAL

EDITORIAL



ഗർഭപാത്രത്തിൽ
ജീവന്റെ തുടിപ്പ് അറിയുന്നതുമുതൽ
നമ്മൾ നിരീക്ഷണത്തിലാണ്

സ്റ്റെതസ്കോപ്പിലൂടെ,
സ്കാനിംഗിലൂടെ,
മുലയൂട്ടലിന്റെ സൂക്ഷ്മതയിലൂടെ,
കണ്ണുകളിലൂടെ, നോട്ടങ്ങളിലൂടെ
ക്യാമറകളിലൂടെ
അധികാരികളിലൂടെ
ഫേസ്ബുക്ക് പോലുള്ളവയിലൂടെ
സ്നേഹത്തിലൂടെ, സംശയത്തിലൂടെ
കാമത്തിലൂടെ, സദാചാരകണ്ണുകളിലൂടെ
മരണത്തിന്റെ നിശബ്ദതയിലൂടെ
അങ്ങനെ നല്ലതും മോശവുമായ
ഒരുപാട് നോട്ടങ്ങളിലൂടെ
നമ്മൾ നിരീക്ഷിക്കപ്പെടുന്നുണ്ട് സുഹൃത്തേ...

**സുനിൽ പി.കുര്യൻ**
ചീഫ് സ്റ്റുഡന്റ് എഡിറ്റർ

# EDITORIAL



എത്ര വിശാലമായ പ്രതലത്തിൽ ചർച്ച ചെയ്താലും നിരീക്ഷണം ആവശ്യമാണെന്നും അനാവശ്യമാണെന്നുമുള്ള വാദങ്ങൾ നിലനിൽക്കും. അതുകൊണ്ട് തന്നെ ചില വിഷയങ്ങളിൽ സമവായത്തിലെത്തുക ബുദ്ധിമുട്ടാണ്. നമ്മളെ എല്ലാവരേയും നേരിട്ട് ബാധിക്കുന്ന വിഷയത്തിൽ പക്ഷം ചേരാതെ, ഇവിടെ ഇങ്ങനെയൊക്കെ നടക്കുന്നുണ്ടെന്ന് ഓർമ്മപ്പെടുത്തുക മാത്രമാണ് ചെയ്യുന്നത്. ഒരു പുത്തൻ അധിനിവേശത്തിന് കീഴ്പ്പെട്ടുകൊണ്ടാണ് നമ്മൾ മുന്നോട്ടു പോകുന്നത് എന്നുകൂടി പറയുകയാണിവിടെ.

ശ്രീമതി. **അനുപമ.എം**
സ്റ്റാഫ് എഡിറ്റർ



# ഉള്ളനക്കം


മാഗസിൻ പറയുന്നത്

മാഗസിൻ പറയുന്നത്

വിഷയത്തിന്റെ വ്യാപ്തിയും ഗൗരവവും ഉൾക്കൊണ്ട് തന്നെയാണ് നിരീക്ഷണം ചർച്ചപ്പുറത്തേക്ക് കൊണ്ടുവന്നത്. നഗ്ന നേത്രങ്ങൾ മാറി, കിടപ്പുമുറിവരെ ഏന്തിവലിഞ്ഞ് നോക്കുന്ന ഗൂഗിൾക്യാമറ കണ്ണുകൾ വരെ എത്തിയ നോട്ട സംസ്കാരത്തിന്റെ കയ്പും മധുരവും നാം തന്നെ രുചിച്ചറിയേണ്ടിവരും. നിരീക്ഷണങ്ങൾ എത്രമാത്രം? എന്തിന്? എവിടെയൊക്കെ? എങ്ങനെ?.... തുടങ്ങി നമുക്ക് തർക്കിക്കാൻ ഒരുപാട് വിഷയങ്ങളുണ്ടിവിടെ. സംശയം, ഭയം എന്നീ രണ്ട് വാക്കുകളാണ് നിരീക്ഷണവും നോട്ടവുമൊക്കെ രൂപപ്പെടാൻ ഏറെകുറേ സാധ്യതയുള്ള സാഹചര്യം. ചുറ്റുമുള്ള ഒരുപാട് നിരീക്ഷണങ്ങളെയും നോട്ടങ്ങളെയുമൊക്കെ പെറുക്കിയെടുത്തിട്ടുണ്ട്. ഇതിൽ കതിരും പതിരും വേർതിരിക്കാൻ ഞങ്ങളാളല്ല. അധികാരികളുടെ സംശയവും ഭയവും മുതൽ അയൽവക്കത്തെന്ത് നടക്കുന്നു എന്ന് ഒളിഞ്ഞ് നോക്കുന്നത് വരെയുള്ള വിവിധ കണ്ണോട്ടങ്ങളെല്ലും ഭയവും സംശയവും ഇല്ലാതെ പറയുന്നു. നിരീക്ഷണങ്ങൾ സാങ്കേതിക വളർച്ചയുടെ നേട്ടങ്ങളാണെന്ന് പറയുന്നവരോട് ഒന്നേ പറയാനുള്ളൂ... ചില അമ്പുകൾ കറങ്ങിതിരിഞ്ഞ് നമുക്ക് നേരെ തന്നെ വരും. ലോകത്തിന് മുഴുവൻ നല്ലത് വരണമെന്ന് പ്രാർത്ഥിച്ച ഭാരതത്തിൽ ചേരിതിരിഞ്ഞ് കലാപങ്ങളുണ്ടാക്കുന്നതും, ദരിദ്രൻ ദരിദ്രനായും ധനികൻ ധനികനായും നിലനിൽക്കുന്നതും, വിശപ്പടക്കാൻ ഏത് വിഷപ്പറമ്പിലും ജോലിചെയ്യുന്നതുമൊക്കെ നിരീക്ഷണത്തിന്റെ ചില അനന്തര ഫലങ്ങളാണ്. നോക്കി നോക്കി നിന്ന് പലതും കട്ടു കൊണ്ടുപോയവർ നാളെ നമ്മുടേയും വാ മൂടികെട്ടിയേക്കാം. എങ്കിലും, ജനനത്തിനും മരണത്തിനുമിടയിലെ സമയത്തെകുറിച്ച് ആർക്കും പ്രവചിക്കാൻ പറ്റാത്തിടത്തോളം കാലം ചിലതിനോട് തർക്കിക്കുവാനും ചിലത് തുറന്നു പറയാതിരിക്കാനും വയ്യ. ..

## മൂന്നാമതൊരു നിഴൽ

ഒന്നാമത്തേതിനും രണ്ടാമത്തേതിനും വ്യക്തമായ രൂപങ്ങൾ ഉണ്ട്.
രൂപമില്ലാത്ത മൂന്നാമൻ നോട്ടവും നിരീക്ഷണങ്ങളുമൊക്കെയായി നമ്മളെ പിന്തുടരുന്നു.
ഈ മാഗസിനിന്റെ ഉള്ളനക്കങ്ങളിൽ അവ്യക്തമായ ആ രൂപം നിങ്ങളെ അലോസരപ്പെടുത്തും.
സുഹൃത്തേ നിന്നെ ബാധിക്കുന്ന ചിലത് ഇതിലുണ്ട്.
നമ്മളെ ബാധിക്കുന്ന പലതും.




നിരീക്ഷണങ്ങളുടേയും അത് മനുഷ്യജീവിതത്തെ ബാധിക്കുന്ന തിന്റെയും, തുടർന്നുണ്ടാകുന്ന പരിണിതഫലങ്ങളുടെയും വ്യാപ്തി കാലങ്ങൾക്ക് മുന്നേ വരച്ചുകാട്ടിയ നോവലാണ് '1984' Big brother is watching you. അതുകൊണ്ട് നിരീക്ഷണ കണ്ണുകളെക്കുറിച്ചും നമ്മളിലേക്കുള്ള വിവിധ നോട്ടങ്ങളെക്കുറിച്ചും ഈ ജോർജ്ജ് ഓവെൽ കൃതിയിലൂടെ തുടങ്ങുന്നു.

# മിണ്ടരുത് ചിന്തിക്കരുത് പക്ഷെ ജീവിക്കാം



**ALINDA JOSEPH**
II BSc Maths

രണ്ടാം ലോക മഹായുദ്ധം ഭൂമിയിൽ വിതച്ച നാശനഷ്ടങ്ങളിൽ നിന്ന് ലോകം മോചനം നേടിക്കൊണ്ടിരുന്ന കാലത്താണ് ജോർജ്ജ് ഓവെൽ എന്ന ഇംഗ്ലീഷ് സാഹിത്യകാരൻ '1984' എന്ന വിശ്വവിഖ്യാത കൃതി രചിക്കുന്നത്. 2050 ആകുമ്പോൾ ലോകത്തിന്റെ സാമൂഹ്യ വ്യവസ്ഥ എപ്രകാരമായിരിക്കും എന്ന് 1949ൽ രചിച്ച ഈ കൃതിയിലൂടെ അദ്ദേഹം മുൻകൂട്ടി പറയുന്നു. അതിൽ പലതും ഇപ്പോൾ തന്നെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി സംഭവിച്ചു കഴിഞ്ഞിരിക്കുന്നു. വിൻസ്റ്റൺ സ്മിത്ത് എന്ന വ്യക്തിയിലൂടെ സമൂഹത്തിലുണ്ടാകുന്ന മാറ്റങ്ങൾക്കെതിരെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരാളെ എഴുത്തുകാരൻ അവതരിപ്പിക്കുന്നുണ്ടെങ്കിലും കഥാവസാനം അധികാരമുള്ളവന്റെ അടിച്ചമർത്തലുകൾ ഏറ്റുവാങ്ങി പ്രതികരണശേഷിയും സ്വത്വവും നഷ്ടപ്പെട്ട അവസ്ഥയിലേക്ക് എത്തിക്കുന്നു. INGSOC (English Socialism) എന്ന പാർട്ടി ആഗ്രഹിക്കുന്ന വിധത്തിൽ ഇയാളുടെ ചിന്താഗതികളെ മാറ്റിയെടുക്കുന്നു. ഇംഗ്ലീഷിലെ ഭാഗ്യം കെട്ട അക്കമായി കരുതപ്പെടുന്ന "13" എന്ന സംഖ്യ തന്നെ കഥയുടെ ആദ്യഭാഗത്തെ സമയം സൂചിപ്പിക്കുന്നതിനായി ഉപയോഗിച്ചതിന്റെ പിന്നിലെ രഹസ്യവും മറ്റൊന്നല്ല എന്ന് കഥാന്ത്യത്തിൽ മനസ്സിലാക്കാം. ഒരു വ്യക്തിയുടെ ദുരന്തം തന്നെയാണ് അവസാനം ചിത്രീകരിക്കുന്നത്.

പട്ടണത്തിലെ എല്ലാചുവരുകളിലും ഒരാളുടെ മുഖം വലുപ്പത്തിൽ പോസ്റ്റർ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നു. അതിന്റെ ഏറ്റവും താഴെ ഭാഗത്തായി 'Big brother is watching you' എന്ന എഴുത്തും ചേർത്തിരിക്കുന്നു. വീടുകളിലും മാർക്കറ്റിലും എല്ലായിടത്തും ടെലിസ്ക്രീൻ സ്ഥാപിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം നിർത്തലാക്കുവാനോ അതിന്റെ ദർശനത്തിൽ നിന്ന് രക്ഷപ്പെടുവാനോ ആർക്കും സാധിക്കുകയുമില്ല. കഥ നടക്കുന്ന ഓഷ്യാനിയ എന്ന പ്രദേശത്തെ 85% ആളുകളും തൊഴിലാളികളാണ്. ബാക്കിയുള്ള 15% പേരും മുഴുവൻ സമയവും ടെലിസ്ക്രീനിന്റെ നിരീക്ഷണത്തിലാണ്. പാർട്ടിക്ക് ഇഷ്ടപ്പെടാത്ത കാര്യങ്ങൾ എന്തെങ്കിലും പ്രവർത്തിക്കുകയോ അതിന്റേതായ ഭാവമാറ്റം മുഖത്ത് പ്രകടമാവുകയോ ചെയ്താൽ ടെലിസ്ക്രീൻ താക്കീതു നൽകും. സ്വതന്ത്രമായി ചിന്തിക്കാനോ പ്രവർത്തിക്കാനോ കഴിയാതെ സദാ നിരീക്ഷണത്തിൽ കഴിയേണ്ടിവരുന്ന അവസ്ഥയിലാണ് കഥാനായകൻ. എപ്പോഴും മറ്റൊരാളുടെ നിരീക്ഷണത്തിൽ വീർപ്പുമുട്ടി കഴിയേണ്ടുന്ന അവസ്ഥ ഇന്ന് ലോകത്തെവിടെയും സംജാതമായിരിക്കുന്നു. ടെലിസ്ക്രീനിന് പകരം സിസിടിവി ക്യാമറകളാണെന്ന വ്യത്യാസം മാത്രം.

ഭാഷയിലെ വാക്കുകളുടെ എണ്ണം പരമാവധി കുറച്ച് ഇപ്പോഴത്തെ ഭാഷയെ ലളിതമാക്കുക, സത്യാവസ്ഥയുടെ നിയന്ത്രണം, പഴമയുടെ തിരുത്തിയെഴുത്ത് തുടങ്ങിയവയാണ് INGSOCന്റെ തത്ത്വങ്ങൾ. Big brother ഉം അയാളെ ചുറ്റിപ്പറ്റിയുള്ള മുദ്രാവാക്യങ്ങളും മാത്രം എങ്ങും അലയടിക്കുന്നു. തലയോട്ടിക്കുള്ളിലെ ചെറിയ ഇടമൊഴിച്ച് മറ്റൊന്നും തനിക്ക് സ്വന്തമല്ല എന്ന തിരിച്ചറിവ് വിൻസ്റ്റണിനെ വല്ലാതെ പിടിച്ചുലയ്ക്കുന്നുണ്ടെങ്കിലും ഒന്നും ചെയ്യാൻ പറ്റാത്ത അവസ്ഥയിൽ അയാളെത്തിപ്പെടുന്നു. പാർട്ടിയുടെ ശത്രുക്കളെ കണ്ടുപിടിക്കാനും അവരെ ഇല്ലായ്മ ചെയ്യാനും thought police എന്ന സേന സദാ ജാഗ്രത പുലർത്തുന്നു. ഇവർ ഒരാളെ ഇല്ലാതാക്കുന്നതിന് മുൻപ് അയാളുടെ ജീവി


***ഭാഷ ലളിതമാക്കി, അവസാനം വാക്കുകൾ ഇല്ലാതെ, ചിന്തപോലും നശിച്ച അവസ്ഥയിലേക്ക് മനുഷ്യനെ എത്തിച്ചേക്കും എന്ന് സിമെ സന്തോഷത്തോടെ പറയുന്നു. സ്വാതന്ത്ര്യം എന്ന ആശയവും തുടച്ചു നീക്കപ്പെടും എന്ന സൂചനയായിരുന്നു അത്. ലോകത്തിന്റെ പലയിടത്തായി ഉണ്ടാകുന്ന ഭാഷയുടെ മേലുള്ള കടന്നുകയറ്റം ശക്തമായി പ്രതിപാദിക്കുന്നു***

തസാക്ഷ്യം സമൂഹത്തിന് മുൻപിൽ അയാളെക്കൊണ്ട് തന്നെ അവതരിപ്പിക്കും. ഇനി മറ്റാരും പാർട്ടിക്കെതിരെ ചിന്തിക്കാതിരിക്കാനുള്ള ഒരു തരം താക്കീതാണ് അത്.

ലോകം മൂന്നായി തിരിഞ്ഞ് യുദ്ധത്തിൽ പ്രവേശിച്ചിരിക്കുന്ന അവസരത്തിലാണ് കഥനടക്കുന്നതായി പറയുന്നത്. യുദ്ധത്തിന്റെ പ്രത്യാഘാതമെന്നോണം നിത്യോപയോഗ സാധനങ്ങൾക്ക് ക്ഷാമം അനുഭവപ്പെടുന്നു. സാധനങ്ങൾ അന്വേഷിച്ചുള്ള വിൻസ്റ്റണിന്റെ യാത്രയ്ക്കിടെ 'സിമെ' എന്ന സുഹൃത്തിനെ കണ്ടുമുട്ടുകയും അയാൾ ഭാഷ ചുരുക്കുന്നതിൽ പങ്കാളിയാണെന്നും പറയുന്നു. ഭാഷ ലളിതമാക്കി, അവസാനം വാക്കുകൾ ഇല്ലാതെ, ചിന്തപോലും നശിച്ച അവസ്ഥയിലേക്ക് മനുഷ്യനെ എത്തിച്ചേക്കും എന്ന് സിമെ സന്തോഷത്തോടെ പറയുന്നു. സ്വാതന്ത്ര്യം എന്ന ആശയവും തുടച്ചു നീക്കപ്പെടും എന്ന സൂചനയായിരുന്നു അത്. ലോകത്തിന്റെ പലയിടത്തായി ഉണ്ടാകുന്ന ഭാഷയുടെ മേലുള്ള കടന്നുകയറ്റം ശക്തമായി ഇവിടെ പ്രതിപാദിക്കുന്നു. ഭാഷയുടെ യഥാർത്ഥ സൗന്ദര്യം ഗ്രഹിക്കാതെ അതിനെ തുടരെത്തുടരെ മാറ്റങ്ങൾക്ക് വിധേയമാക്കിക്കൊണ്ടിരിക്കുന്ന ഇന്നത്തെ രീതി തന്നെയാണ് ഇവിടെ സൂചിപ്പിക്കുന്നത്.

സ്വന്തം നാഡീവ്യൂഹമാണ് ഒരാളുടെ ഏറ്റവും വലിയ ശത്രു എന്ന ചിന്തയും വിൻസ്റ്റണിനുണ്ടാകുന്നു. സ്ത്രീയും പുരുഷനും തമ്മിലുള്ള നോട്ടം വരെ അവിടെ നിയന്ത്രിച്ചിരിക്കുകയാണ്. രണ്ടു പേർ തമ്മിൽ ഇഷ്ടപ്പെട്ടതുകൊണ്ട് വിവാഹം ചെയ്യാൻ പാടില്ല. വിവാഹം ചെയ്താൽ കുട്ടികളുണ്ടാവാൻ പാടില്ല. സമ്പൂർണ്ണ ബ്രഹ്മചര്യം. മനുഷ്യന്റെ വികാരങ്ങളെയെല്ലാം നിയന്ത്രിച്ച് പാർട്ടിയുടെ ഉന്നമനത്തിന് വേണ്ടി മാത്രം പ്രവർത്തിക്കുന്നവരാക്കുക, അതിനായി പുതുതലമുറ രൂപം പ്രാപിക്കുന്നത് കൃത്രിമ സങ്കലനത്തിലൂടെയും. ഇങ്ങനെയുണ്ടാകുന്ന കുട്ടികളെ പരിപാലിക്കാൻ മാത്രം രണ്ടുപേർക്ക് വിവാഹം ചെയ്യാം. INGSOC എന്ന പാർട്ടി ജനങ്ങളിൽ അടിച്ചേൽപ്പിക്കുന്ന കാര്യങ്ങളാണ് ഇവയെങ്കിലും നാം ജീവിക്കുന്ന സമൂഹത്തിന്റെ സ്ഥിതി ഇതു തന്നെയായി രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു. സദാചാരത്തിന്റെ പേരിൽ പലരും അഴിച്ചുവിടുന്ന അക്രമങ്ങളും, കുടുംബഭദ്രതയെ തകർക്കും വിധത്തിൽ കുടുംബ ബന്ധങ്ങളിലേക്ക് കടന്നുകയറുന്ന ക്യാപിറ്റലിസത്തിന്റെയും മോഡേണിസത്തിന്റെയുമെല്ലാം നേർസാക്ഷ്യം മാത്രമാണ് വർഷങ്ങൾക്ക് മുൻപ് ജോർജ് ഓവെൽ തന്റെ കഥയിലൂടെ അവതരിപ്പിച്ചത്.

മാർക്കറ്റിലൂടെ സഞ്ചരിക്കരുതെന്ന പാർട്ടിയുടെ നിയമം ലംഘിച്ചുകൊണ്ട് Thought Police ന്റെ കണ്ണിൽപ്പെടാതെയുള്ള വിൻസ്റ്റണിന്റെ യാത്ര എത്തിച്ചേരുന്നത് പാർട്ടിയുടെ മറ്റൊരു മന്ത്രാലയത്തിൽ ജോലി ചെയ്യുന്ന ജൂലിയ എന്ന സുന്ദരിയോടുള്ള പ്രണയത്തിലാണ്. ഇത് കഥയെ കൂടുതൽ സങ്കീർണ്ണമാക്കുന്നുണ്ട്. 'ചെറിയ നിയമങ്ങൾ പാലിച്ചുകൊണ്ട് വലിയവ ലംഘിക്കുക' എന്ന തീരുമാനം ഇരുവരും കൈകൊള്ളുന്നു. ഇത് പാർട്ടി വിലക്കിയിട്ടുള്ള പല കാര്യങ്ങളും ടെലിസ്ക്രീനിന്റെയും Thought police ന്റെയും ശ്രദ്ധയിൽപ്പെടാതെ ചെയ്യുന്നതിലേക്ക് ഇവരെ നയിക്കുന്നു. Big brother നെ ആരും നേരിൽ കണ്ടിട്ടില്ല, അയാൾ ഒരു ഭാവനാ കഥാപാത്രമാണോ എന്ന സംശയം വിൻസ്റ്റണിന് പലപ്പോഴും ഉണ്ടാവുന്നുണ്ട്. അയാളുടെ INGSOC എന്ന പാർട്ടിയ്ക്കെതിരെ Brotherhood എന്ന സംഘടന ഒബ്രിയന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നതായി വിൻസ്റ്റണിന് സംശയം തോന്നുകയും, ജൂലിയയോടൊപ്പം അയാൾ അതിൽ അംഗമാവാൻ ശ്രമിക്കുകയും ചെയ്യുന്നു. ടെലിസ്ക്രീൻ സ്ഥാപിച്ചിട്ടില്ലാത്ത ഇടങ്ങളിലും, കൂടുതൽ തിരക്കുള്ള സ്ഥലങ്ങളിലും മറ്റുമായി ഇവർ Brotherhood നെപ്പറ്റി സംസാരിക്കുകയും പുതിയ പദ്ധതികൾ വിഭാവനം ചെയ്യുകയും ചെയ്യുന്നു.



'യുദ്ധം സമാധാനമാണ്;
സ്വാതന്ത്ര്യം അടിമത്തമാണ്;
അജ്ഞത ബലമാണ്.'

ഈ മൂന്നു കാര്യങ്ങളെപ്പറ്റിയുള്ള വിശദമായ വിവരം അടങ്ങിയിരിക്കുന്ന ഒരു ഗ്രന്ഥം ഒബ്രിയൻ വിൻസ്റ്റണിന് കൈമാറുന്നു. യഥാർത്ഥത്തിൽ ഇതൊക്കെ ചതി ആയിരുന്നുവെന്ന് കഥാവസാനം വ്യക്തമാകും. ഒബ്രിയൻ തന്നെയാണ് Big Brother ന്റെ സ്ഥാനത്ത് നിൽക്കുന്നയാൾ. വിൻസ്റ്റണിനെയും ജൂലിയയെയും അയാൾ തന്ത്രപൂർവ്വം കുടുക്കുകയായിരുന്നു. യഥാർത്ഥത്തിൽ, ടെലിസ്ക്രീൻ എല്ലാം കാണുന്നുണ്ടായിരുന്നു. ഒബ്രിയൻ സ്വീകരിക്കുന്ന രീതി എല്ലാവർക്കും സ്വീകാര്യമാണെന്നും ആരും തന്നെ കുറ്റക്കാരനായി കാണില്ല എന്നും അയാൾ അഹങ്കാരത്തോടെ പറയുന്നുണ്ട്. കാരണം, തനിക്കെതിരെ പ്രവർത്തിക്കുന്നവരെ താൻ ഇല്ലായ്മ ചെയ്യുന്നില്ല. നേരെ മറിച്ച്, അവരെ പഠിപ്പിച്ച് മനസ്സിലാക്കിച്ച് പുതിയ കാര്യങ്ങൾ സ്വീകരിക്കാൻ ഉതകുന്നവിധം അവരുടെ മനസ്സിനെ രൂപാന്തരപ്പെടുത്തുന്നു. ഇതിനൊന്നും തയ്യാറാകാത്ത വ്യക്തികളെ ആരുമറിയാതെ ഇല്ലായ്മ ചെയ്തതിനുശേഷം, കൊല്ലപ്പെട്ട ആളുടെ രൂപസാദൃശ്യമുള്ള പുതിയ ആളെ സമൂഹത്തിൽ അവതരിപ്പിക്കുന്നു. സമൂഹത്തിന്റെ ദൃഷ്ടിയിൽ ഒറ്റനോട്ടത്തിൽ കുറ്റമൊന്നും കണ്ടെത്തുകയുമില്ല.

ഓഷ്യാനയെക്കുറിച്ച് വിൻസ്റ്റണിന് മാത്രം അറിയാവുന്ന ചില പഴയ സത്യങ്ങൾ അദ്ദേഹത്തിന്റെ ഓർമയിൽ നിന്ന് ഇല്ലായ്മ ചെയ്യാൻ വിൻസ്റ്റണിനെ ക്രൂരമായ പല ശാരീരിക ദ്രോഹത്തിനും ഒബ്രിയൻ വിധേയമാക്കുന്നു. വേദനയുടെ പാരമ്യത്തിൽ വെച്ച് അയാൾ പറയുന്ന രീതിയിൽ ഏതു സത്യത്തെയും തിരുത്തിയെഴുതാൻ താൻ തയ്യാറാണെന്ന് വിൻസ്റ്റൺ ഏറ്റുപറയുന്നു. യഥാർത്ഥ സത്യം തന്റെ ഓർമ്മയിൽ നിലനിൽക്കുന്നുണ്ടെന്ന് ചിന്തിക്കാൻപോലും കഴിയാത്ത വിധം അയാളുടെ മനസ്സിനെ ഒബ്രിയൻ മാറ്റി എടുത്തിരുന്നു. എത്ര ദ്രോഹിച്ചിട്ടും ജൂലിയയുമായുള്ള പ്രണയം അയാൾ ഉപേക്ഷിക്കാൻ തയ്യാറാവുന്നില്ല. പക്ഷേ, റൂം നമ്പർ 101ൽ ഈ ലോകത്തിലെ ഏറ്റവും ഹീനമായ പ്രവൃത്തിയാണ് അരങ്ങേറുന്നത്. ഒരു വ്യക്തിയെ പലരീതിയിൽ കൊല്ലുന്ന ഇടമാണ് അത്. മരണത്തോടടുത്തപ്പോൾ 'തന്നെ കൊല്ലണ്ട, പകരം ജൂലിയയെ കൊന്നോളൂ' എന്ന് വിൻസ്റ്റണിന് പറയേണ്ടി വരുന്നു. ഒബ്രിയൻ ആഗ്രഹിച്ചതുപോലെ നടന്നു. അവസാനം ഒബ്രിയൻ വിൻസ്റ്റണിനെ സ്വതന്ത്രനാക്കുന്നു, അതേ സമയം ജൂലിയയേയും. അവർ പരസ്പരം ഒറ്റിക്കൊടുത്തതോർത്ത് തേങ്ങുന്നു.

**_സമാധാന മന്ത്രാലയം ഇടപെടുന്നത് യുദ്ധത്തെക്കുറിച്ചുള്ള പ്രവർത്തികളിലാണ്. വിൻസ്റ്റൺ ജോലി ചെയ്യുന്ന സത്യത്തിന്റെ മന്ത്രാലയം യഥാർത്ഥത്തിൽ പ്രചരിപ്പിക്കുന്നത് അസത്യമാണ്. സാഹചര്യങ്ങൾക്കനുസരിച്ച് ചരിത്രം മാറ്റി എഴുതുന്ന ജോലിയാണ് അവിടെ നടക്കുന്നത്._**

ഒരു മിനിറ്റിൽ കൂടുതൽ ഒരു കാര്യത്തിലും അവന് ശ്രദ്ധ പതിപ്പിക്കാൻ കഴിയുന്നില്ല. കഥ അവസാനിക്കുന്നത് ഇങ്ങനെയാണ് വിൻസ്റ്റൺ ബിഗ് ബ്രദറിനെ ഇഷ്ടപ്പെടുന്നു.

INGSOC എന്ന പാർട്ടിയുടെ വിവിധ മന്ത്രാലയങ്ങളിൽ നടക്കുന്ന വൈരുധ്യാത്മകമായ പ്രവർത്തികൾ പോലെ തന്നെ കഥയും പര്യവസാനിക്കുന്നു. സമാധാന മന്ത്രാലയം ഇടപെടുന്നത് യുദ്ധത്തെക്കുറിച്ചുള്ള പ്രവർത്തികളിലാണ്. വിൻസ്റ്റൺ ജോലി ചെയ്യുന്ന സത്യത്തിന്റെ മന്ത്രാലയം യഥാർത്ഥത്തിൽ പ്രചരിപ്പിക്കുന്നത് അസത്യമാണ്. സാഹചര്യങ്ങൾക്കനുസരിച്ച് ചരിത്രം മാറ്റി എഴുതുന്ന ജോലിയാണ് അവിടെ നടക്കുന്നത്. ജൂലിയ ജോലി ചെയ്തിരുന്ന